# പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## സമിതി (1996-1998) യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## സമിതി (1996-1998) യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

436/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 33 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. എൻ. ജയരാജ്

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (1996-1998)-യുടെ 6-8-1998-ൽ സഭയിൽ സമർപ്പിച്ച ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എൻ. ജയരാജ്

*അദ്ധ്യക്ഷൻ,*

*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1996-1998)യുടെ ആറാമത് റിപ്പോർട്ട് 1998 ആഗസ്റ്റ് 6-ാം തീയതി സഭയിൽ സമർപ്പിച്ചു.

വേണ്ടുവോളം നിയമങ്ങളും നിയമപാലകൻമാരുമൊക്കെയുണ്ടായിട്ടും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ബലാൽസംഗങ്ങൾ, സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുടുംബത്തിന്റെയും സമൂഹത്തിന്റെയും അവിഭാജ്യഘടകമായ സ്ത്രീ പീഡിപ്പിക്കപ്പെടാതിരിക്കുന്നതിനും അവൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമുള്ള ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയതായിരുന്നു പ്രസ്തുത റിപ്പോർട്ട്. റിപ്പോർട്ടിൽ 23 ശിപാർശകൾ ഉൾക്കൊള്ളിച്ചിരുന്നു.

ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 20-3-1999-ന് ആഭ്യന്തരം, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 2012 ജനുവരി 18-ാം തീയതി ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിനെ തുടർന്നാണ് ആയവ ലഭ്യമാക്കിയത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. സമിതി (1996-1998)യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളും സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും ഒന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നു. സർക്കാരിൽ നിന്നും നടപടി റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലാത്ത ശിപാർശകളും സമിതി ആരാഞ്ഞ അധികവിവരങ്ങളും രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്നു. ഖണ്ഡിക (96)-ന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ഭാഗം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | സംസ്ഥാനത്ത് ഇപ്പോൾ മൂന്ന് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളും ഒരു ഫോറൻസിക് സയൻസ് ലബോറട്ടറിയുമാണുള്ളത്. ഇവിടെ ആധുനിക സാങ്കേതിക ഉപകരണങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഉദാഹരണമായി ഫിംഗർ പ്രിൻറ് അനാലിസിസിന് വേണ്ടിയുള്ള ഫ്ലാക്സ് അബ്സോർബ്സ്ഷ്യം സ്പെക്ട്രോമീറ്റർ വളരെയേറെ പ്രയോജനകരമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു.<br>(ഖണ്ഡിക 9) | **ആഭ്യന്തര വകുപ്പ്**<br>(30-5-2005-ലെ 27400/ഇ 4/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സമിതിയുടെ 6-ാമത് റിപ്പോർട്ട് പ്രകാരം, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം റീജിയണൽ ലബോറട്ടറികളായ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും വാങ്ങിയ ആധുനിക ഉപകരണങ്ങളുടെ പട്ടിക താഴെ പറയും പ്രകാരമാണ് : |
| 2 | ഫ്ലാക്സ് അബ്സോർഷ്യം സ്പെക്ട്രോമീറ്റർ ഉൾപ്പെടെയുള്ള ഏറ്റവും പുതിയതും പെട്ടെന്ന് രാസപരിശോധനാഫലം അറിയാൻ കഴിയുന്നതുമായ ഏറ്റവും പുതിയ സാങ്കേതിക ഉപകരണങ്ങൾ നമ്മുടെ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിക്ക് അടിയന്തരമായി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലും ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 10) | |

| | | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം | റീജിയണൽ കെമിക്കൽ എക്സാ. ലബോ., എറണാകുളം | റീജിയണൽ കെമിക്കൽ എക്സാ. ലബോ., കോഴിക്കോട് |
|---|---|---|---|---|
| 1 | അറ്റോമിക് അബ്സോർബ്ഷൻ | 1 | - | - |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്പെക്ട്രോമീറ്റർ (ഇ.സി.ഐ. എൽ) | | | |
| | | 2 | ഗ്യാസ് ക്രോമോറ്റോഗ്രാഫ് (സി.ഇ. ഇൻസ്ട്രുമെന്റ്സ്, ഇറ്റലി) | 1 | 1 | 1 |
| | | 3 | യു.വി. വിസിബിൾ സ്പെക്ട്രോമീറ്റർ (ഫിവാസു, ജപ്പാൻ) | 1 | 1 | 1 |
| | | 4 | ഇലക്ട്രോണിക് അനലിറ്റിക്കൽ ബാലൻസ് (സാർട്ടോറിയസ്, ജർമനി) | 4 | 2 | 2 |
| | | 5 | എഫ്. റ്റി.ഐ. ആർ. സ്പെക്ട്രോമീറ്റർ (നിക്കോലെറ്റ്- യു.കെ.) | 1 | - | - |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td>6</td><td>ഹൈ പ്രഷർ ലിക്വിഡ് ക്രോമാറ്റോഗ്രാഫ് (വാട്ടേഴ്സ് കോർപ്പറേഷൻ-ഓസ്ട്രിയ)</td><td>1</td><td>-</td><td>-</td></tr>
</table>
പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയശേഷം ഏറ്റവും ആധുനികമായ പരിശോധനാ രീതികൾ അവലംബിക്കുന്നതുകൊണ്ട് റിപ്പോർട്ടുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാനും കാലതാമസം ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്.<br>(23-3-2006-ലെ യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
<tr>
<td>3</td>
<td>മലപ്പുറം ജില്ലയിലെ ശ്രീമതി റുഖിയയുടെ കൊലപാതകം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് സ്വീകാര്യമായില്ല. കേസന്വേഷണങ്ങൾക്ക് ആധുനിക സാങ്കേതിക ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമായ ഇന്നത്തെ സാഹചര്യത്തിൽ കുറ്റവാളികളെ കണ്ടുപിടിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുള്ള ഇത്ര ലാഘവബുദ്ധിയോടുകൂടിയ സമീപനം സമിതിക്ക് അംഗീകരിക്കാൻ കഴിയുന്നില്ല. കുറ്റവാളികൾക്ക് ഏറ്റവും പറ്റിയ പ്രച്ഛന്നവേഷം ഏതാണെന്ന് പറഞ്ഞുകൊടുക്കുന്ന ഇത്തരം മറുപടികൾ നിയമസഭാ സമിതിക്ക് നൽകുന്നത് വളരെ ഗൗരവമായി കാണുന്നു. പ്രസ്തുത</td>
<td>ആഭ്യന്തര വകുപ്പ്<br>(20-9-2006-ലെ 50510/ജെ1/06/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മലപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 295/95 യു/എസ് 302 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്ത പ്രസ്തുത കേസിലെ പ്രതിയെ തുടർച്ചയായ അന്വേഷണത്തിനു ശേഷം പിടികിട്ടാത്തതിനാൽ, പ്രതിയുടെ പേരിൽ കുറ്റപത്രം തയ്യാറാക്കി ബഹു. മലപ്പുറം ജെ.എഫ്.സി.എം. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതി പ്രതിക്കെതിരെ 19/2000 ആയി വാറണ്ട് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.</td>
</tr>
</table>

| | | |
|---|---|---|
| | <u>കേസ് പുനരന്വേഷണത്തിന് വിധേയമാക്കി എത്രയും പെട്ടെന്ന് കുറ്റവാളികളെ വെളിച്ചത്ത് കൊണ്ടുവരാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u><br><br>(ഖണ്ഡിക 12-14) | പ്രതിയെ അറസ്റ്റുചെയ്യുന്നതിനായി ഒരു പ്രത്യേക സ്ക്വാഡിന് രൂപം നൽകിയിട്ടുള്ളതും അവർ രഹസ്യമായി നിരീക്ഷണം നടത്തിവരുന്നതുമാണ്. ഇതുവരെ പ്രതിയെ കണ്ടുപിടിക്കുന്നതിനുള്ള വ്യക്തമായ സൂചനകളൊന്നും ലഭിച്ചിട്ടില്ല. പ്രതിയെ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനും അറസ്റ്റുചെയ്യുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സി.ഐ.യ്ക്കും എസ്.ഐ.യ്ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വിവാഹ വാഗ്ദാനം നൽകി ഗർഭിണിയാക്കിയ എതിർകക്ഷിയിൽ നിന്നും ചെലവിന് കിട്ടുന്നതിനുവേണ്ടിയാണ് പരാതി കൊടുത്തതെന്നും ഇപ്പോൾ നിയമപ്രകാരം മറ്റൊരാളെ വിവാഹം കഴിച്ച് ജീവിക്കുന്നതിനാൽ തുടർനടപടിയൊന്നും ആവശ്യമില്ലെന്നും പരാതിക്കാരി അറിയിച്ചു.<br><br>ഇക്കാര്യത്തിന് നിയമസഹായം തേടുന്നതിനായി പരാതിക്കാരിയെ ഉപദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പരാതിക്കാര്യത്തിൽ നിയമനടപടികളൊന്നും ആവശ്യമില്ലെന്ന് പരാതിക്കാരിയും ഭർത്താവും അപേക്ഷിച്ചതിനാൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലാത്തതാകുന്നു.<br><br>ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(4-2-2008-ലെ യോഗത്തിൽ പരിഗണിച്ചു.) |

| | | |
|---|---|---|
| | 4-2-2008-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം<br>ബഹുമാനപ്പെട്ട കോടതി പ്രതികൾക്കെതിരെ 19/2000 ആയി വാറണ്ട് പുറപ്പെടുവിച്ചിട്ടും ഇതുവരെ പ്രതിയെ പിടിക്കാൻ സാധിക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്നും കണ്ടുപിടിച്ചിട്ടില്ലെങ്കിൽ കർശന നടപടി സ്വീകരിച്ച് പ്രതിയെ അറസ്റ്റ് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അല്ലെങ്കിൽ ആഭ്യന്തര വകുപ്പിന് തന്നെ ഇത് അപമാനമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. | **ആഭ്യന്തര വകുപ്പ്**<br>(9-3-2010-ലെ 21466/ജെ1/2008/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ശ്രീമതി റുഖിയയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് മലപ്പുറം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 225/95 കേസിലെ പ്രതി ശ്രീ. അബ്ദുൾ സമദ്, കിഴക്കേത്തല എന്നയാൾ അബ്സ്കോണ്ടിംഗ് ആയിരുന്നതിനാൽ പ്രസ്തുത കേസ് എൽ.പി.19/2000 ആയി തുടർന്നു വരവേ മേൽ പ്രതി മരണപ്പെട്ടതിനാൽ 26-2-2008-ന് ബഹു. കോടതി കേസ് ചാർജ്ജ് അബേറ്റ് ചെയ്ത് ഒഴിവാക്കിയിട്ടുള്ളതാണെന്ന് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(13-10-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4 | കടവന്ത്രയിലുള്ള ഒരു വീട്ടിൽ ഒരു സംഘമാളുകൾ കയറി മൂന്ന് സ്ത്രീകളേയും ഒരു പുരുഷനേയും ആക്രമിച്ച് പരിക്കേൽപ്പിച്ചതായി അയൽവാസികൾ അറിയിച്ചതനുസരിച്ച് അവിടെയെത്തിയ കടവന്ത്ര ഫ്ലൈയിംഗ് സ്ക്വാഡ് അക്രമികളെ പിടികൂടാതെ പരിക്കേറ്റ നാലുപേരെയും ജീപ്പിൽ കയറ്റി കൊണ്ടുപോയി ആശുപത്രിയിലോ പോലീസ് സ്റ്റേഷനിലോ എത്തിക്കാതെ എം.ജി. റോഡിലെ പള്ളിമുക്കിൽ രാത്രി ഒരു മണിക്ക് ഇറക്കിവിട്ടുവെന്നും തങ്ങളെ ആശുപത്രിയിലെത്തിക്കാൻ പരിക്കേറ്റവർ കേണപേക്ഷിച്ചിട്ടും പോലീസ് ചെവിക്കൊണ്ടില്ല എന്നുമുള്ള **31-5-1997-ലെ** പത്രവാർത്തകളെക്കുറിച്ച് **നേരിട്ടന്വേഷി** | **ആഭ്യന്തര വകുപ്പ്**<br>(13-3-2014-ലെ 47258/ജെ3/2009/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കുറ്റാരോപിതനായ ഹെഡ് കോൺസ്റ്റബിൾ 4013 തമ്പിക്കെതിരായി ഒരു പി.ആർ. ഓപ്പൺ ചെയ്യുകയും അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഹെഡ് കോൺസ്റ്റബിളിനെ മേലിൽ ഈ തരത്തിലുള്ള പ്രവർത്തികൾ ഉണ്ടാകരുതെന്ന് ശക്തമായ രീതിയിൽ താക്കീത് നൽകി അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഹെഡ് കോൺസ്റ്റബിൾ 4013 തമ്പി 31-12-2004-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| | ക്കണമെന്ന് അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക്, സമിതി നിർദ്ദേശം നൽകിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഫ്ലൈയിംഗ് സ്ക്വാഡിന്റെ ഇൻ-ചാർജ്ജായിരുന്ന ഹെഡ് കോൺസ്റ്റബിൾ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയെന്ന് അന്വേഷണത്തിൽ തെളിഞ്ഞതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാൻ സമിതി ആവശ്യപ്പെടുന്നു.<br>(ഖണ്ഡിക 29)<br><br><u>27-8-2014-ൽ സമിതി ആരാഞ്ഞ അധികവിവരം</u><br>ഖണ്ഡിക 29-മേൽ പരാമർശിച്ചിരുന്ന സംഭവം 1997-ൽ ഉണ്ടായതാണെന്നും കുറ്റാരോപിതനായ ഹെഡ് കോൺസ്റ്റബിൾ 2004-ൽ വിരമിച്ചു എന്നതും ശിക്ഷ ലഘൂകരിക്കുന്നതിന് തക്കതായ കാരണമല്ലെന്നും ആയതിനാൽ ടിയാനെതിരെ എന്ത് നടപടി കൈക്കൊണ്ടു എന്ന് വകുപ്പിനോട് ആരായുന്നതിനും പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് നൽകുവാൻ കാലതാമസമുണ്ടായതിലുള്ള സമിതിയുടെ അതൃപ്തി വകുപ്പിനെ അറിയിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. | (27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.)<br><br><br><br><br>(മറുപടി ലഭ്യമായിട്ടില്ല) |
| 5 | ജനങ്ങൾക്ക് നീതിയും സംരക്ഷണവും ഉറപ്പാക്കാൻ ബാധ്യസ്ഥരായ പോലീസുകാർ തന്നെ പരിക്കുപറ്റിയ സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ ആശുപത്രിയിലെത്തിക്കുകപോലും ചെയ്യാതെ അർദ്ധരാത്രി നടുറോഡിലിറക്കി വിട്ടത് നീതീകരിക്കാനാകാത്തതും പൈശാചികമായതും മാപ്പിനർഹതയില്ലാത്തതുമായ | **ആഭ്യന്തര വകുപ്പ്**<br><u>(13-3-2010-ലെ 47258/ജെ3/2009/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)</u><br>രാത്രികാലങ്ങളിലും മറ്റും പരിക്കുപറ്റുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള ആളുകൾക്ക് മതിയായ പോലീസ് സഹായം താമസംവിനാ നൽകുന്നതിനും |

| | | |
|---|---|---|
| | കുറ്റകൃത്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിനും സമാധാനന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നിയുക്തമായ ഫ്ലൈയിംഗ് സ്ക്വാഡിൽ നിന്നുണ്ടായ ഈ കൃത്യവിലോപം വളരെ ഗൗരവമുള്ളതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അടിയന്തര സഹായം അല്ലെങ്കിൽ നടപടി ലഭ്യമാക്കാനുദ്ദേശിച്ചുകൊണ്ട് "ടു സെർവ് ആന്റ് ടു പ്രൊട്ടക്ട്" എന്ന് എഴുതിവച്ചിരിക്കുന്ന വാഹനത്തിൽ സഞ്ചരിക്കുന്ന ഒരു സ്ക്വാഡിൽ നിന്നും ഇത്തരം പ്രവൃത്തി ആവർത്തിക്കാതിരിക്കപ്പെടാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 30) | അവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനും സ്ക്വാഡുകൾക്കും വനിതാ ഹെൽപ്പ് ലൈൻ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകുന്നതിന് എല്ലാ പോലീസ് സബ് ഡിവിഷണൽ ഓഫീസേഴ്സിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.<br>(27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6 | പ്രധാനപ്പെട്ട എല്ലാ ബസ് സ്റ്റാന്റിലും പോലീസ് എയ്ഡ് പോസ്റ്റ് ശക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 31) | **ആഭ്യന്തര വകുപ്പ്**<br>(13-3-2010-ലെ 47258/ജെ3/2009/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പ്രധാന ബസ് സ്റ്റാന്റുകളിൽ പോലീസ് എയ്ഡ് പോസ്റ്റ് നിലവിലുണ്ട്. പോലീസ് എയ്ഡ് പോസ്റ്റ് ഇല്ലാത്ത ബസ് സ്റ്റാന്റുകളിൽ ആയത് ആരംഭിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| | 27-8-2014-ൽ സമിതി ആരാഞ്ഞ അധികവിവരം<br>പ്രധാനപ്പെട്ട ബസ് സ്റ്റാന്റായി പരിഗണിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്. | **ആഭ്യന്തര വകുപ്പ്**<br>[22-5-2015-ലെ ആഭ്യന്തരം (ഇ) വകുപ്പിന്റെ 2588/ഇ 1/2015/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ എണ്ണം, രാത്രികാല സർവ്വീസുകളുടേയും |

| | | |
|---|---|---|
| | | ദീർഘദൂര സർവ്വീസുകളുടേയും എണ്ണം ജില്ലയിലെ ജനസാന്ദ്രത, സാമൂഹ്യ വിരുദ്ധ ശല്യം എന്നീ ഘടകങ്ങൾ പരിശോധിച്ചാണ് പ്രധാനപ്പെട്ട ബസ് സ്റ്റാന്റായി പരിഗണിക്കുന്നത്.<br>(5-8-2015-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7 | പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി ചെല്ലുന്ന സ്ത്രീകളോട് വളരെ മോശമായ രീതിയിൽ പോലീസ് ഉദ്യോഗസ്ഥൻമാർ പെരുമാറുന്നത് സംബന്ധിച്ച് സമിതിക്ക് പരാതികൾ ലഭിച്ചിട്ടുണ്ട്. തങ്ങൾക്കുണ്ടാകുന്ന പീഡനങ്ങൾ സംബന്ധിച്ച് ഏതു സമയത്തും നിർഭയം പോലീസ് സ്റ്റേഷനുകളിൽ പരാതികൾ ബോധിപ്പിക്കാൻ സഹായകരമായ സാഹചര്യം സംജാതമാക്കണമെന്നും തങ്ങളെ സമീപിക്കുന്ന പരാതിക്കാരോട് പ്രത്യേകിച്ച് സ്ത്രീകളോട് മാന്യമായി പെരുമാറാൻ പോലീസുദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 32) | **ആഭ്യന്തര വകുപ്പ്**<br>[22-5-2015-ലെ ആഭ്യന്തരം (ഇ) വകുപ്പിന്റെ 2588/ഇ 1/2015/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>സ്ത്രീകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ഏതു സമയത്തും പോലീസ് സ്റ്റേഷനുകളിൽ കടന്നുചെന്ന് പരാതി ബോധിപ്പിക്കുന്നതിന് സാഹചര്യം ഒരുക്കുന്നതിനും അവരോട് പ്രത്യേകിച്ച് സ്ത്രീകളോട് മാന്യമായി പെരുമാറുന്നതിനും വേണ്ട കർശന നിർദ്ദേശം എല്ലാ പോലീസ് സബ് ഡിവിഷണൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.<br>(27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 8 | ഗൾഫിൽ ജോലിയുള്ള ഒരാളുടെ കാസർഗോഡുള്ള വീട്ടിൽ ജോലിക്കു നിന്നിരുന്ന തമിഴ്നാട്ടിലെ സേലം സ്വദേശിനിയായ അഞ്ജലി എന്ന 16 വയസ്സുകാരി പെൺകുട്ടിയെ വീട്ടുകാരനായ മുജീബ് ബലാൽസംഗം ചെയ്യുകയും പെൺകുട്ടി ഗർഭിണിയായതറിഞ്ഞപ്പോൾ ഈ കുറ്റം മറയ്ക്കാനായി മോഷണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യിക്കുകയും ചെയ്ത സംഭവത്തിൽ പെൺകുട്ടിയുടെ | **ആഭ്യന്തര വകുപ്പ്**<br>[22-5-2015-ലെ ആഭ്യന്തരം (ഇ) വകുപ്പിന്റെ 2588/ഇ 1/2015/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>കാസർഗോഡ് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം 618/97u/s 376, 506(1) IPC നമ്പർ കേസ് 5-12-2012-ന് ബഹു. കാസർഗോഡ് അഡീഷണൽ ഡിസ്ട്രിക് & സെഷൻസ് ജഡ്ജ് |

| | | |
|---|---|---|
| | മൊഴിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം 618/97 നമ്പർ കേസിന്റെ സ്ഥിതി സമിതിയെ അറിയിക്കണമെന്നും ഡി.എൻ.എ. ടെസ്റ്റ്, റേഡിയോളജിക്കൽ ടെസ്റ്റ് ഇവയുടെ റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 45) | (Ad hoc III)SC No.98/04 ആയി 235(1) CrPC പ്രകാരം പ്രതിയെ വെറുതെ വിട്ട് ഉത്തരവായിരുന്നു. പ്രതിയായ മുജീബിന്റെ രക്തം ഡി.എൻ.എ. പരിശോധനയ്ക്ക് ഹൈദരാബാദിലുള്ള Centre for DNA Fingerprinting and Diagnostics എന്ന സ്ഥാപനത്തിലേക്ക് അയയ്ക്കുകയും ആയതിന്റെ 18-8-1999-ലെ റിപ്പോർട്ടിൽ അഞ്ജലിയുടെ മകളുടെ biological father മുജീബ് അല്ല എന്ന് തെളിയുകയും ചെയ്തിട്ടുണ്ടെന്നും മുജീബിന്റെ രക്തം ടി പരിശോധനയ്ക്കായി ബന്ധപ്പെട്ട മജിസ്ട്രേറ്റിന്റെയും അഞ്ജലിയുടേയും മുജീബിന്റേയും വക്കീലന്മാരുടെ സാന്നിദ്ധ്യത്തിലാണ് എടുത്തിരിക്കുന്നതെന്നും എ.ഡി.ജി.പി. (ക്രൈംസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 9 | പല ബലാൽസംഗ കേസുകളും ദൃക്സാക്ഷിയില്ല എന്ന ആനുകൂല്യം നൽകി പ്രതികളെ വിട്ടയയ്ക്കുന്ന പ്രവണതയുള്ളതായി സമിതി മനസ്സിലാക്കുന്നു. ദൃക്സാക്ഷികൾ ഉണ്ടാകാൻ സാധ്യത വിരളമായ ഇത്തരം കേസുകളിൽ സാഹചര്യ തെളിവുകളുടേയും കുറ്റകൃത്യത്തിന് ഇരയാകുന്ന വ്യക്തിയുടെ സ്റ്റേറ്റ്മെന്റിന്റേയും അടിസ്ഥാനത്തിൽ കുറ്റവാളിക്ക് ശിക്ഷ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 48) | [22-5-2015-ലെ ആഭ്യന്തരം (ഇ) വകുപ്പിന്റെ 2588/ഇ 1/2015/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്] ബലാൽസംഗ കേസുകളിൽ ദൃക്സാക്ഷി ഇല്ലെങ്കിലും ബലാൽസംഗത്തിന് ഇരയായവരുടെ മൊഴിപ്രകാരം പരമാവധി തെളിവുകൾ ശേഖരിച്ച് കുറ്റപത്രം സമർപ്പിക്കാറുണ്ട്. തുടർന്നും ഇപ്രകാരം ചെയ്യണമെന്നുള്ള നിർദ്ദേശം എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. (27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 10 | എതിർ കക്ഷി വിവാഹവാഗ്ദാനം നൽകി ഗർഭിണിയാക്കുകയും കുഞ്ഞിന്റെ പിതൃത്വം ഏറ്റെടുക്കാതെ മറ്റൊരു വിവാഹം നടത്തുകയും ചെയ്ത ശ്രീമതി | |

| | | |
|---|---|---|
| | ആഞ്ഞിരിയൻ സുലോചനയുടെ കേസിൽ പ്രശ്നപരിഹാരത്തിന് നിയമ സഹായം തേടാൻ പരാതിക്കാരിയെ ഉപദേശിക്കണമെന്നും ഇത്തരം സാഹചര്യങ്ങളിൽ ഡി.എൻ.എ. ടെസ്റ്റ് നിർബന്ധമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.<br><br>(ഖണ്ഡിക 52-53) | [ആഭ്യന്തരം (ജെ) വകുപ്പിന്റെ 20-9-2015-ലെ 50510/ഇ 1/2006/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>വിവാഹവാഗ്ദാനം നല്കി ഗർഭിണിയാക്കിയ എതിർകക്ഷിയിൽ നിന്നും ചെലവിന് കിട്ടുന്നതിനു വേണ്ടിയാണ് പരാതി കൊടുത്തതെന്നും ഇപ്പോൾ നിയമ പ്രകാരം മറ്റൊരാളെ വിവാഹം കഴിച്ച് ജീവിക്കുന്നതിനാൽ തുടർനടപടിയൊന്നും ആവശ്യമില്ലെന്ന് പരാതിക്കാരി അറിയിച്ചു. ഇക്കാര്യത്തിന് നിയമസഹായം തേടുന്നതിനായി പരാതിക്കാരിയെ ഉപദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പരാതിക്കാര്യത്തിൽ നിയമനടപടികളൊന്നും ആവശ്യമില്ലെന്ന് പരാതിക്കാരിയും ഭർത്താവും അപേക്ഷിച്ചതിനാൽ തുടർ നടപടികൾ ഒന്നും എടുത്തിട്ടില്ലാത്തതാകുന്നു.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 11 | ബലാൽസംഗം തുടങ്ങിയ സ്ത്രീപീഡന കേസുകളിൽ ജാമ്യം അനുവദിക്കാതിരുന്നാൽ ഇത്തരം കുറ്റകൃത്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ സഹായകമാകുമെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത്തരം കേസുകൾ ജാമ്യം അനുവദിക്കാത്ത കേസുകളുടെ (നോൺ ബെയിലബിൾ ഒഫൻസ്) പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യുന്നു. അതുപോലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ബലാൽസംഗം ചെയ്യപ്പെടുന്ന കേസുകളിൽ സൗജന്യ ഡി.എൻ.എ. ടെസ്റ്റ് നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 55) | **ആഭ്യന്തര വകുപ്പ്**<br>[22-5-2015-ലെ ആഭ്യന്തര (ഇ) വകുപ്പിന്റെ 2588/ഇ 1/2015/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>ബലാൽസംഗം, സ്ത്രീപീഡനം തുടങ്ങിയ കേസുകളിലെ പ്രതികൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് ജാമ്യം നൽകാറില്ല. നോൺ ബെയിലബിൾ ഒഫൻസ് ചേർത്താണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. അറസ്റ്റ് ചെയ്ത പ്രതികളെ ബന്ധപ്പെട്ട കോടതി മുൻപാകെ റിമാന്റ് റിപ്പോർട്ട് സഹിതം ഹാജരാക്കാറുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ബലാൽസംഗം ചെയ്യപ്പെട്ട കേസുകളിൽ സൗജന്യ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.<br>(27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | |
|---|---|---|
| 12 | 9-7-1996 ലെ പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 11/96 പ്രകാരം രൂപീകൃതമായ സംസ്ഥാനത്തെ വനിതാ സെല്ലുകൾ സർക്കാർ നിർദ്ദേശമനുസരിച്ച് പ്രവൃത്തിക്കുന്നുണ്ടോയെന്ന് അവലോകനം ചെയ്യണമെന്നും ഇവയുടെ പ്രവർത്തന പുരോഗതി ഓരോ അവലോകനം കഴിയുമ്പോഴും ഹെഡ്ക്വാർട്ടേഴ്സിൽ റിപ്പോർട്ട് ചെയ്യണമെന്നുമുള്ള നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 61) | **ആഭ്യന്തര വകുപ്പ്**<br>(11-12-2006-ലെ 44656/കെ2/2006/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനിതാ സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ആണ് വനിതാ സെല്ലുകൾ പ്രവർത്തിച്ചുവരുന്നത്. ജില്ലാ തലങ്ങളിൽ ജില്ലാ പോലീസ് അധികാരി സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതുകൂടാതെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു പോലീസ് സൂപ്രണ്ട് ജില്ലകളിലെ വനിതാ സെല്ലുകളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും ജില്ലകൾ സന്ദർശിച്ച് നേരിട്ട് കാര്യങ്ങൾ പരിശോധിക്കുകയും വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നുണ്ട്. വനിതാ സെല്ലുകൾക്ക് ഫോൺ, വാഹന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിക്കുന്ന വിശദമായ വിവരങ്ങൾ ലഭ്യമാക്കാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(4-2-2008-ലെ യോഗത്തിൽ പരിഗണിച്ചു.) |
| 13 | വനിതാ സെല്ലുകളുടെ ഉദ്ദേശ്യവും ലക്ഷ്യവും പൂർണ്ണമായി നിറവേറ്റുന്നതിനായി ശരിയായ വിധത്തിൽ രൂപീകരിച്ചിട്ടില്ലാത്ത വനിതാ സെല്ലുകൾ പുനഃസംഘടിപ്പിക്കുകയും അവയ്ക്ക് ഓഫീസ്, ഫോൺ, വാഹനം തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പാക്കി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 62)<br><br>4-2-2008-ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം<br>സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ സെല്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് ഒരു ചോദ്യാവലി തയ്യാറാക്കി എല്ലാ ജില്ലകളിലും അയച്ചുകൊടുക്കാൻ നിർദ്ദേശിച്ചു. | **ആഭ്യന്തര വകുപ്പ്**<br>[ആഭ്യന്തര (കെ) വകുപ്പിന്റെ 4-8-2009-ലെ 44656/കെ2/05/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്]<br>വനിതാ സെല്ലുകളുടെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിയിന്മേലുള്ള മറുപടി<br>(1) വനിതാ സെൽ 17 പോലീസ് ജില്ലകളിൽ (14 റവന്യൂ ജില്ലകളും |

| | | |
|---|---|---|
| | വനിതാ സെല്ലുകളുടെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലി:—<br>(1) വനിതാ സെൽ എത്ര ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്? പ്രസ്തുത സെല്ലിന്റെ ഘടന എങ്ങനെയാണ് ?<br>(2) വനിതാ സെല്ലിന്റെ പ്രവർത്തന രീതിയെക്കുറിച്ച് വിശദമാക്കാമോ?<br>(3) സമിതി നിർദ്ദേശമനുസരിച്ച് വനിതാ സെല്ലിൽ രൂപീകരിച്ചിട്ടുള്ള അഡ്വൈസറി ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണ്? സമിതിയുടെ നിർദ്ദേശപ്രകാരം അവ പുനഃസംഘടിപ്പിച്ചുവോ; യോഗം ചേരുന്ന തീയതികൾ മുൻകൂറായി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതികളിൽ? ജില്ലയിലുള്ള വനിതാ എം.എൽ.എ. മാരെ ബോർഡ് യോഗം ചേരുന്നത് അറിയിക്കാറുണ്ടോ? ടി കമ്മിറ്റി മാസത്തിൽ എത്ര പ്രാവശ്യം യോഗം ചേരുന്നുണ്ട് ?<br>(4) ജില്ലാതല അഡ്വൈസറി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ് ?<br>(5) വനിതാ സെല്ലുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓഫീസ് മുറി, ഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ലഭ്യമാണോ? ജില്ല തിരിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ?<br>(6) വനിതാ സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?<br>(7) വനിതാ സെല്ലിൽ ലഭിക്കുന്ന പരാതികളെക്കുറിച്ച് കാര്യക്ഷമമായ അന്വേഷണം നടത്താറുണ്ടോ? | 3 സിറ്റികളും ചേർന്നത്) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം ആസ്ഥാനമായി സംസ്ഥാന വനിതാ സെല്ലും പ്രവർത്തിച്ചുവരുന്നു.<br>ഓരോ ജില്ലയിലും ഒരു വനിതാ CI, 2 WSI മാർ,1 HC, 4 PCs എന്നിവർ പ്രവർത്തിയെടുത്തു വരുന്നു. സംസ്ഥാന വനിതാ സെല്ലിൽ ഒരു പോലീസ് സൂപ്രണ്ടും 1 ഡിവൈ.എസ്.പി., 3 WSIs, 4 WHCs, 9 WPCs എന്നിവരും പ്രവർത്തിയെടുക്കുന്നു.<br>ജില്ലാ വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നത് അതത് ജില്ലാ പോലീസ് സൂപ്രണ്ടുമാരുടെ നിയന്ത്രണത്തിലും, അതത് Crime Detachment DySP മാരുടെ മേൽനോട്ടത്തിലുമാണ്.<br>(2) സ്ത്രീകളേയും കുട്ടികളേയും സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിയമബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തുന്നു. പത്രമാദ്ധ്യമങ്ങളിൽ കൂടിയും ദൃശ്യമാധ്യമങ്ങളിൽ കൂടിയും സ്ത്രീകളേയും കുട്ടികളേയും സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാരത്തിനായുള്ള നിയമബോധവൽക്കരണത്തെക്കുറിച്ചുമുള്ള അറിയിപ്പുകൾ നൽകുന്നു.<br>വനിതാ സെല്ലിൽ ലഭിക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നു. കൗൺസലിംഗ് സേവനം ലഭ്യമാക്കുന്നു. കൂടാതെ |

| | | |
|---|---|---|
| | (8) വനിതാ സെല്ലിനോടനുബന്ധിച്ച് കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ? അദാലത്ത്, സെമിനാർ എന്നിവ നടത്താറുണ്ടോ? സെല്ലിൽ കൗൺസിലിംഗിനായി എത്തുന്ന ആളുകൾക്ക് ഇരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ വെളിപ്പെടുത്തുന്നതിനുമുള്ള സൗകര്യങ്ങളുണ്ടോ?<br>(9) വനിതാ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?<br>(10) വനിതാ സെല്ലിൽ മുൻവർഷത്തിൽ ലഭിച്ച പരാതികളുടെയും പരിഹരിച്ച പരാതികളുടെയും എണ്ണമെത്ര? ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?<br>(11) ഏതെല്ലാം രജിസ്റ്ററുകളാണ് വനിതാ സെല്ലിൽ സൂക്ഷിക്കുന്നത് എന്നും അവ ഓരോന്നിന്റെയും ആവശ്യകത എന്താണെന്നും വ്യക്തമാക്കുക?<br>(12) വനിതാ സെൽ-കം-ഹെൽപ്പ്ലൈനിന്റെ പ്രവർത്തനം എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് ഇറക്കിയ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുക, അവ ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | അടിയന്തര ഘട്ടങ്ങളിൽ സ്ത്രീകളേയും കുട്ടികളേയും സഹായിക്കാനായി വനിതാ സെൽ-കം-ഹെൽപ്പ്ലൈൻ സേവനവും ലഭ്യമാക്കുന്നു.<br>(3) ജില്ലാ ആസ്ഥാനങ്ങളിൽ അതത് സ്ഥലങ്ങളിലെ വനിതാ സാമൂഹ്യ പ്രവർത്തകർ, സന്നദ്ധസംഘടനകൾ, ജേർണലിസ്റ്റ്, വക്കീലൻമാർ, കൗൺസിലേഴ്സ്, ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ് തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ ഉപദേശക സമിതി പ്രവർത്തിച്ചു വരുന്നു. സമിതിയുടെ നിർദ്ദേശ പ്രകാരം ഇവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. യോഗം ചേരുന്ന തീയതി മുൻകൂട്ടി നിശ്ചയിച്ചിട്ടില്ല. 3 മാസത്തിലൊരിക്കൽ യോഗം ചേരാറുണ്ട്. വനിതാ എം.എൽ.എ.മാർ ഉള്ള ജില്ലകളിൽ യോഗം ചേരുന്നത് അവരെ അറിയിക്കാറുണ്ട്.<br>(4) ഉപദേശക സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബോധവൽക്കരണ സെമിനാറുകളും അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, പൗരസമിതി എന്നിവരുമായി സഹകരിച്ച് ഉപദേശക സമിതി മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിയമബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുന്നതോടൊപ്പം പത്ര മാധ്യമങ്ങളിൽ കൂടിയും ദൃശ്യ മാധ്യമങ്ങളിൽകൂടിയും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന |

പ്രശ്നങ്ങളെക്കുറിച്ചും പരിഹാരത്തിനായുള്ള നിയമ ബോധവൽക്കരണത്തെക്കുറിച്ചുമുള്ള അറിയിപ്പുകൾ നൽകുകയും ചെയ്യുന്നു.

(5) വനിതാ സെല്ലുകളുടെ ഭൗതിക സാഹചര്യം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | District | Telephone | Building | Vehicle | Remarks |
|---|---|---|---|---|---|
| 1 | Tvpm. City | Nil | Police quarters | Yes | - |
| 2 | Tvpm. Rural | Nil | ,, | Yes | - |
| 3 | Kollam | Nil | Attached with DPO | Yes | - |
| 4 | Alleppey | Nil | ,, | Yes | - |
| 5 | Pathanamthitta | Nil | Rented Building | Yes | - |
| 6 | Kottayam | Nil | Yes | Yes | - |
| 7 | Idukki | Nil | PWD quarters | Yes | - |

| | | | | | |
|---|---|---|---|---|---|
| 8 | Cochin City | Nil | Police quart-ers | Yes | - |
| 9 | Aluva | Yes | ,, | Yes | - |
| 10 | Thrissur | Yes | Govt. Build-ing | Yes | - |
| 11 | Palakk-ad | Nil | ,, | Yes | - |
| 12 | Malapp-uram | Yes | Attac-hed with DySP Office | Yes | - |
| 13 | Kozhi-kode City | Yes | Govt. Build-ing | Yes | - |
| 14 | Kozhi-kode Rural | Nil | Attac-hed with Vani-tha Police Station | Yes | - |
| 15 | Wayanad | Nil | Govt. Build-ing | Yes | - |

| | | | | | |
|---|---|---|---|---|---|
| 16 | Kannur | Nil | Attac-hed with SP Office | Yes | - |
| 17 | Kasar-god | Nil | Attac-hed with SP Office | Yes | - |
| 18 | State Women Cell | Yes | Rented Build-ing | Yes | - |

(6) അതത് ജില്ലാ വനിതാ സെല്ലുകളുടെ ആഭിമുഖ്യത്തിൽ സെമിനാറുകളും അദാലത്തും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുകയും ആയതിന്റെ വിവരങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളുടെ അറിവിലേക്ക് എത്തിക്കുന്നതിന് വേണ്ട പരസ്യം നൽകിയിട്ടുള്ളതുമാണ്. തിയേറ്റർ, സ്ലൈഡ്സ്, ബാനറുകൾ, നോട്ടീസുകൾ എന്നിവ മുഖാന്തിരവും വനിതാ സെല്ലിനെ കുറിച്ച് അറിവ് നൽകിയിട്ടുണ്ട്.

(7) അന്വേഷണം കാര്യക്ഷമമായി നടത്തി പരാതികൾക്ക് പരിഹാരം അടിയന്തരമായി നൽകിവരുന്നു.

| | | |
|---|---|---|
| | | (8) പല ജില്ലകളിലും വനിതാ സെല്ലുകളോടൊപ്പം counselling സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>അദാലത്തും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.<br>വനിതാ സെല്ലിൽ counselling-നായി എത്തുന്ന ആളുകൾക്ക് ഇരിക്കുന്നതിനോ അവരുടെ പ്രശ്നങ്ങൾ പറയുന്നതിനോ ഇപ്പോൾ നിലവിൽ സൗകര്യം ഒന്നുംതന്നെയില്ല.<br>(9) ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) 282/08/ആഭ്യന്തരം തീയതി 25-1-2008 പ്രകാരം 2008-ൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി സംസ്ഥാന വനിതാ സെല്ലിന്റെ മേൽനോട്ടത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമുള്ള വനിതാ സെല്ലുകളുടെ ആഭിമുഖ്യത്തിൽ 2 അദാലത്തുകളും ഗാർഹിക പീഡന നിയമത്തെക്കുറിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളും പരിരക്ഷയും സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും സ്ത്രീധന നിരോധന നിയമത്തെക്കുറിച്ചും ബാലനീതി നിയമത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുകയുണ്ടായി. വനിതാ സെല്ലിന്റെ പ്രവർത്തന രീതിയെക്കുറിച്ചും വനിതാ സെല്ലിന്റെ പ്രവർത്തനം ജനങ്ങളിൽ എത്തിക്കുന്നതിലേക്കുമായി ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം, ഗവൺമെന്റ് |

| | | |
|---|---|---|
| | | ഉടമസ്ഥതയിലുള്ള സിനിമാ തിയേറ്ററുകളിലും മറ്റു മീഡിയ മുഖാന്തിരവും സംപ്രേക്ഷണം ചെയ്യുന്നതിലേക്കായി കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കിയിട്ടുള്ളതുമാണ്.<br>(10) സംസ്ഥാന വനിതാ സെല്ലിലും ജില്ലാ വനിതാ സെല്ലുകളിലും കൂടി മുൻവർഷം 11930 പരാതികൾ ലഭിക്കുകയുണ്ടായി. അവയിൽ 11896 പരാതികൾ പരിഹരിച്ചു. പരാതികളുടെ ഇനവും ജില്ലയും തിരിച്ചുള്ള വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:<br>(വനിതാ സെല്ലിൽ ലഭിക്കുന്ന പരാതികൾ P1, P2, P3, P4 എന്നിങ്ങനെ നാലായി തരംതിരിച്ച് പ്രത്യേകം രജിസ്റ്ററുകളിൽ ഉൾക്കൊള്ളിച്ച് നടപടി സ്വീകരിച്ചുവരുന്നു.)<br>P1-ആഫീസിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ.<br>P2-മേലുദ്യോഗസ്ഥരിൽ നിന്നും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പരാതികൾ.<br>P3-പോലീസുദ്യോഗസ്ഥർ. എതിർകക്ഷികളായിട്ടുള്ള പരാതികൾ.<br>P4-പട്ടികജാതി പട്ടികവർഗ്ഗക്കാർ സമർപ്പിക്കുന്ന പരാതികൾ.<br><br>വനിതാ സെല്ലിൽ മുൻവർഷത്തിൽ ലഭിച്ച പരാതികളുടെയും പരിഹരിച്ച പരാതികളുടെയും ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: |

| | P1 | | P2 | | P3 | | P4 | |
|---|---|---|---|---|---|---|---|---|
| Police District | Received | Disposed | Received | Disposed | Received | Disposed | Received | Disposed |
| Tvpm City | 100 | 100 | 67 | 67 | Nil | Nil | 4 | 4 |
| Tvpm Rural | 549 | 549 | 55 | 55 | 2 | 2 | 12 | 12 |
| Kollam | 1469 | 1469 | 53 | 53 | 6 | 6 | 52 | 52 |
| Alleppey | 856 | 856 | 139 | 139 | Nil | Nil | 131 | 131 |
| Pathanamthitta | 596 | 596 | 170 | 170 | 5 | 5 | 15 | 15 |
| Kottayam | 566 | 566 | 128 | 128 | Nil | Nil | 3 | 3 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | Idukki | 130 | 130 | 94 | 94 | 1 | 1 | 30 | 30 |
| | | EKM | 617 | 593 | 125 | 115 | 3 | 3 | 7 | 7 |
| | | EKM R1 | 583 | 583 | 104 | 104 | 2 | 2 | 15 | 15 |
| | | Thrissur | 1064 | 1064 | 67 | 67 | 13 | 13 | 24 | 24 |
| | | Palakkad | 472 | 472 | 55 | 55 | 3 | 3 | 16 | 16 |
| | | Malappuram | 259 | 259 | 44 | 44 | 4 | 4 | 11 | 11 |
| | | Kozhikode City | 333 | 333 | 115 | 115 | 3 | 3 | 7 | 7 |
| | | Kozhikode Rural | 73 | 73 | 27 | 27 | Nil | Nil | Nil | Nil |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Wayanad | 451 | 451 | 62 | 62 | Nil | Nil | 83 | 83 |
| Kannur | 160 | 160 | 20 | 20 | 1 | 1 | 5 | 5 |
| Kasargod | 77 | 77 | 51 | 51 | Nil | Nil | 7 | 7 |
| State Women Cell | 1425 | 1425 | 108 | 108 | 21 | 21 | 180 | 180 |

11. വനിതാ സെല്ലുകളിൽ താഴെപ്പറയുന്ന രജിസ്റ്ററുകൾ കൈകാര്യം ചെയ്തുവരുന്നു:

(1) *General Diary* : അതത് ദിവസത്തെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ.

(2) *Petition Register* : അതത് ദിവസം ലഭിക്കുന്ന പരാതികൾ P1, P2, P3, P4 എന്നിങ്ങനെ തരംതിരിച്ച് അതത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നു. കൂടാതെ പരാതി സ്വീകരിച്ചതിന് പരാതിക്കാർക്ക് രസീതും നൽകി വരുന്നു.

(3) *Cash Book* : വനിതാ സെല്ലുകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളുടെയും cash transaction രേഖപ്പെടുത്തുന്ന രജിസ്റ്റർ.

(4) *Duty Book* : അതത് ദിവസങ്ങളിൽ ഓരോ പോലീസുദ്യോഗസ്ഥരും ചെയ്യുന്ന ജോലികൾ തരംതിരിച്ച് രേഖപ്പെടുത്തുന്ന രജിസ്റ്റർ.

| | | |
|---|---|---|
| | | (5) *Duty Register* : ഓരോ മാസവും പോലീസുദ്യോഗസ്ഥർ ചെയ്യുന്ന ഡ്യൂട്ടിയുടെ കാര്യങ്ങൾ കൃത്യമായി അറിയുന്നതിന് എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ.<br>(6) *Attendance Register* : പോലീസുദ്യോഗസ്ഥരുടെ ഹാജർനില രേഖപ്പെടുത്തുന്ന രജിസ്റ്റർ.<br>(7) *Casual Leave Register* : പോലീസുദ്യോഗസ്ഥരുടെ അവധി വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ.<br>(8) *Property Register* : വനിതാ സെല്ലുകളിൽ ലഭ്യമായിട്ടുള്ള ഗവൺമെന്റ് വക സാധനസാമഗ്രികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്റർ.<br>(9) *Visiting Remarks Book* : മേലുദ്യോഗസ്ഥർ ആഫീസ് സന്ദർശിക്കുന്ന സമയങ്ങളിൽ പരാമർശങ്ങൾ രേഖപ്പെടുത്തുന്ന ബുക്ക്.<br>(10) *Inward Register* : അതത് ദിവസം ആഫീസിൽ ലഭ്യമാകുന്ന ഉത്തരവുകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ.<br>(11) *Despatch Register* : ആഫീസിൽ നിന്നും പുറത്തേക്ക് അയയ്ക്കുന്ന പേപ്പറുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ.<br>(12) *Tapal Book* : മറ്റ് ആഫീസുകളിലേക്ക് കൊടുത്തയയ്ക്കുന്ന തപാലുകളുടെ വിവരം രേഖപ്പെടുത്തുന്ന ബുക്ക്.<br><br>തിരുവനന്തപുരം സിറ്റി, കൊച്ചിൻ സിറ്റി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ വനിതാ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന Helpline പ്രവർത്തിച്ചുവരുന്നു. |

| | | |
|---|---|---|
| | | അടിയന്തരഘട്ടങ്ങളിൽ സഹായം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന ഫോൺ കോളുകളിൽ ഉടൻതന്നെ പോലീസ് പാർട്ടി സ്ഥലത്ത് എത്തി പോലീസിന്റെ സേവനം ലഭ്യമാക്കി കൊടുക്കുക, അസമയങ്ങളിൽ യാത്രയ്ക്ക് ബുദ്ധിമുട്ടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം ലഭ്യമാക്കുക, വഴിതെറ്റി കാണപ്പെടുന്ന സ്ത്രീകളെയും കുട്ടികളെയും അതുപോലെ വീട്ടിൽ നിന്ന് ഒളിച്ചോടി പോകുന്ന കുട്ടികളെയും സംരക്ഷിക്കുക, കുടുംബ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടേണ്ട സന്ദർഭങ്ങളിൽ സഹായം ആവശ്യപ്പെട്ടാൽ വേണ്ട സഹായം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി ചെയ്തുവരുന്നു.<br><br>Helpline സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങളുടെ അറിവിലേക്ക് എത്തിക്കുന്നതിനുമായി പത്ര-ദൃശ്യ മാധ്യമങ്ങളിൽക്കൂടി വേണ്ട പരസ്യങ്ങൾ നൽകുകയും സെമിനാറുകൾ സംഘടിപ്പിച്ച് Helpline സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തുവരുന്നു (ഇത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).<br><br>കൂടാതെ ഇപ്പോൾ ഓരോ ജില്ലയിലും താലൂക്കടിസ്ഥാനത്തിൽ അദാലത്തും സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന് വേണ്ട കർശന നിർദ്ദേശം എല്ലാ ജില്ലാ വനിതാ സെല്ലുകൾക്കും നൽകിയിട്ടുള്ളതും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരികയുമാണ്.<br><br>(13-10-2010-ലെ യോഗത്തിൽ പരിഗണിച്ചു.) |

| | | |
|---|---|---|
| | സമിതി 13-10-2010-ൽ ആവശ്യപ്പെട്ട അധികവിവരം<br>വനിതാ സെല്ലുകളിൽ പരാതി സമർപ്പിക്കുവാൻ വരുന്നവർക്ക് റെസ്റ്റ് റൂം അനുവദിക്കണമെന്നും ടെലിഫോൺ ഇല്ലാത്ത വനിതാ സെല്ലുകളിൽ ഫോൺ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര വകുപ്പ്**<br>[ആഭ്യന്തര(കെ)വകുപ്പിന്റെ 17-1-2012-ലെ 83089/കെ2/10/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത് ]<br>കോട്ടയം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ വനിതാ സെല്ലുകളിൽ പരാതി സമർപ്പിക്കുവാൻ വരുന്നവർക്ക് റെസ്റ്റ് റൂം സൗകര്യം നിലവിലുണ്ട്.<br>തിരുവനന്തപുരത്തെ സംസ്ഥാന വനിതാ സെല്ലിലും കൊച്ചി സിറ്റി, ആലുവ, തൃശ്ശൂർ സിറ്റി, കോഴിക്കോട് റൂറൽ, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ വനിതാ സെല്ലു കളിലും പൂർണ്ണമായും ടെലിഫോൺ സൗകര്യം ലഭ്യമാണ്. മറ്റിടങ്ങളിൽ പുറത്തേക്ക് വിളിക്കുവാനുള്ള സൗകര്യമില്ല. എന്നാൽ എല്ലാ വനിതാ സെല്ലുകളിലും വനിതാ സി.ഐ.മാർക്ക് സർക്കാർ വക മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്.<br>(5-12-2012-ലെ യോഗത്തിൽ പരിഗണിച്ചു.) |
| | സമിതി 5-12-2012-ൽ ആരാഞ്ഞ അധികവിവരം<br>ടെലിഫോൺ ഇല്ലാത്ത മുഴുവൻ വനിതാ സെല്ലുകളിലും ടെലിഫോൺ സൗകര്യം ലഭ്യമാക്കുന്നതിനും കോട്ടയം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ വനിതാ സെല്ലുകളിൽ ഉള്ളതുപോലെ റെസ്റ്റ് റൂം കേരളത്തിലെ എല്ലാ ജില്ലകളിലെ വനിതാ സെല്ലുകളിലും അനുവദിക്കണ മെന്ന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടുകയും ഇക്കാര്യങ്ങൾ എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് ആരായുകയും ചെയ്തു. | അധികവിവരം ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 14 | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വനിതാ പോലീസ് ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും എസ്.ഐ. പോലുള്ള തസ്തികകളിലും സ്ത്രീകളെ നേരിട്ട് നിയമിക്കണമെന്നും 1996-1998 സമിതിയുടെ നാലാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നത് ആവർത്തിക്കുന്നതോടൊപ്പം വനിതാ പോലീസ് സേനയ്ക്ക് അർഹമായ പ്രൊമോഷനുകളെല്ലാം അതത് സമയത്ത് തന്നെ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജില്ലകളിലെ വനിതാ സെല്ലുകളിൽ എസ്.ഐ. മുതൽ മുകളിലേക്കുള്ള തസ്തികകളിൽ കൂടി വനിതകളെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 71) | **ആഭ്യന്തര വകുപ്പ്** (11-2-2006-ലെ 44656/കെ2/2006/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) സബ് ഇൻസ്പെക്ടർ പോലുള്ള തസ്തികകളിൽ നേരിട്ട് നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഈ വിഷയത്തെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് പോലീസ് ഡയറക്ടർ ജനറലിനോട് ആരാഞ്ഞിട്ടുണ്ട്. (4-2-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 15 | എല്ലാ ജില്ലാ ആശുപത്രികളിലും ഗൈനക്കോളജിസ്റ്റിന്റെ സേവനം നിർബന്ധമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 72) | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** (27-4-2006-ലെ 20090/എ 3/ 2006/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ മൂന്ന് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഇതിൽ രണ്ട് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവിലേക്ക് ഉടനെ നിയമനം നടത്തുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 16 | ജീവനാംശം സംബന്ധിച്ച വിധി മാനിക്കാതിരിക്കുന്ന എതിർകക്ഷിയുടെ സ്വത്തിൽനിന്നും തുക ഈടാക്കുന്നതുൾപ്പെടെയുള്ള ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജീവനാംശം നൽകുന്നതിന് വിധിയായി നിശ്ചിത സമയത്തിനുള്ളിൽ നൽകാതിരിക്കുകയാണെങ്കിൽ അനുവദിച്ച തുകയുടെ ഇരട്ടി പ്രതിയിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 81) | **ആഭ്യന്തര വകുപ്പ്** (17-1-2012-ലെ 2625/സി2/2012/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ചത്) സമിതിയുടെ ശിപാർശ പ്രകാരം, 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ സെക്ഷൻ 125-ൽ ഭേദഗതി വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും കരട് ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് മന്ത്രിസഭയുടെ അംഗീകാരത്തിനുവിധേയമായി താമസിയാതെ നോട്ടിഫൈ ചെയ്യുന്നതാണെന്ന വിവരം അറിയിക്കുന്നു. (5-12-2012-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| | **സമിതി 5-12-2015-ൽ ആരാഞ്ഞ അധികവിവരം** 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ സെക്ഷൻ 125-ൽ ഭേദഗതി വരുത്തുന്നതിനു വേണ്ട കരട് ബിൽ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി നോട്ടിഫൈ ചെയ്തിട്ടുണ്ടോ, ഭേദഗതിക്ക് മുൻ പ്രാബല്യം നൽകിയിട്ടുണ്ടോ? | **ആഭ്യന്തര വകുപ്പ്** [ആഭ്യന്തര (സി) വകുപ്പിന്റെ 20-1-2012-ലെ 2625/സി2/2012/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ചത്] സമിതിയുടെ 81-ാം ശിപാർശയിലാവശ്യപ്പെട്ടിരുന്നത് പ്രകാരം, 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ സെക്ഷൻ 125-ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ബിൽ കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ ബിൽ നമ്പർ 172 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. (2-9-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 17 | ജീവനാംശത്തുക ഭർത്താവിന്റെ വരുമാനത്തിനനുസരണമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 82) | **സാമൂഹ്യനീതി വകുപ്പ്** (25-10-2014-ലെ 12897/ബി2/2014/സാനീവ. നമ്പർ കത്തു മുഖേന ലഭിച്ചത്) |

| | | |
|---|---|---|
| | | 1973-ലെ The Code of Criminal Procedure-ന്റെ 125-ാം വകുപ്പിൽ ജീവനാംശത്തുക **"not exceeding five hundred rupees in the whole"** എന്ന് മുമ്പ് നിജപ്പെടുത്തിയിരുന്നത് 2001-ലെ ആക്ട് 50 (ഭേദഗതി) പ്രകാരം 24-9-2001 മുതൽ പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ആണ് ജീവനാംശത്തുക നിശ്ചയിച്ചു നൽകുന്നത്. ഓരോ കേസും പരിഗണിക്കുന്ന മജിസ്ട്രേറ്റിന് യുക്തമെന്ന് തോന്നാവുന്ന തുക അനുവദിച്ചു നൽകുവാൻ അധികാരവുമുണ്ട്.<br>(30-12-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 18 | മജിസ്ട്രേറ്റ് കോടതി കേന്ദ്രങ്ങളിൽ കുടുംബ കോടതിയുടെ ക്യാമ്പ് സിറ്റിംഗ് മാസത്തിലൊരിക്കൽ നടത്തുന്നതിനും കുടുംബ കോടതികൾ ഇല്ലാത്ത ജില്ലകളിൽ അത് ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുപോലെതന്നെ കുടുംബ കോടതികളിൽ കഴിവതും വനിതാ ജഡ്ജിമാരെ നിയമിക്കുന്നത് സ്ത്രീകൾക്ക് വളരെ സഹായകരമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>(ഖണ്ഡിക 83) | **ആഭ്യന്തര വകുപ്പ്**<br>[ആഭ്യന്തര (സി) വകുപ്പിന്റെ 6-2-2007-ലെ 46579/സി3/2006/ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ചത്]<br>എല്ലാ ജില്ലകളിലും കുടുംബ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നെടുമങ്ങാടും കൊട്ടാരക്കരയിലും ഓരോ അഡീഷണൽ കുടുംബ കോടതിയും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യം വരുന്നതനുസരിച്ച് മാസത്തിൽ ഒരു തവണയോ രണ്ടു തവണയോ ഹൈക്കോടതിയുടെ അനുവാദത്തോടെ വിവിധ മജിസ്ട്രേറ്റ് കോടതി കേന്ദ്രങ്ങളിൽ കുടുംബ കോടതിയുടെ ക്യാമ്പ് സിറ്റിംഗ് നടത്തിവരുന്നുണ്ട്. നിലവിലുള്ള 16 കുടുംബ കോടതികളിൽ 6 കോടതി കളിൽ വനിതാ ജഡ്ജിമാരാണ്.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| | | |
|---|---|---|
| 19 | സ്ഥാനം ദുരുപയോഗപ്പെടുത്തുന്ന പോലീസ് ഓഫീസർക്കെതിരെയുള്ള നടപടി വാച്യാന്വേഷണത്തിലും താക്കീതിലും ഒതുക്കാതെ അവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്. നിയമം നടപ്പാക്കേണ്ടവർതന്നെ നിയമം കൈയിലെടുക്കുന്ന സ്ഥിതി നീതീകരിക്കാനാവില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഇത്തരം പ്രവൃത്തികൾ ഗൗരവ സ്വഭാവമുള്ളതായതിനാൽ സാധാരണ രീതിയിൽ കൈകാര്യം ചെയ്താൽ പോരെന്നും അർഹമായ ശിക്ഷ നൽകണമെന്നും 1996-1998 സമിതിയുടെ നാലാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നത് സമിതി ആവർത്തിക്കുന്നു.<br><br>(ഖണ്ഡിക 96) | **ആഭ്യന്തര വകുപ്പ്**<br>[ആഭ്യന്തര (എച്ച്) വകുപ്പിന്റെ 12-1-2012-ലെ 3354/എച്ച്3/2012/ ആഭ്യന്തരം നമ്പർ കത്തു മുഖേന ലഭിച്ചത് ]<br>ഖണ്ഡിക (96)-ലെ വിഷയത്തിൽ സർക്കാർ നടപടി സ്വീകരിക്കുകയും കുറ്റാരോപിതനായ സബ് ഇൻസ്പെക്ടർ എം.ഐ. ബേബിക്ക് വകുപ്പുതലത്തിൽ നൽകിയ ശിക്ഷയായ "സെൻഷ്വർ" റദ്ദാക്കി, ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് 12-5-2010-ലെ ജി.ഒ. (ആർറ്റി.) 1663/10/ ആഭ്യന്തരം പ്രകാരം ഉത്തരവായി. ടി ഉത്തരവിന്റെ പകർപ്പ് 25-5-2010-ലെ 27433/എച്ച്3/03/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>(5-12-2012-ലെ യോഗത്തിൽ പരിഗണിച്ചു.) |
| | 5-12-2012-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം<br>ഗുരുതരമായ കൃത്യവിലോപവും കൃത്യനിർവ്വഹണ ലംഘനവും നടത്തി 17 തവണ ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുള്ള എസ്.ഐ. ശ്രീ. എം. ഐ. ബേബിക്ക് ഇപ്പോൾ നൽകിയിട്ടുള്ള ശിക്ഷ വളരെ നിസ്സാരമായതിനാൽ വിഷയം ഗൗരവമായി പരിഗണിച്ച് മാതൃകാപരമായ ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനോടാവശ്യപ്പെട്ടു. | **ആഭ്യന്തര വകുപ്പ്**<br>[ആഭ്യന്തര (എച്ച്) വകുപ്പിന്റെ 26-9-2014-ലെ 3354/എച്ച്3/2012/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത് ]<br>സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിക്കുകയും നിയമ വകുപ്പുമായി കൂടിയാലോചിക്കുകയും ചെയ്തു. 1958-ലെ കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ്, പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടങ്ങളിലെ ചട്ടം 36 A പ്രകാരം സംസ്ഥാന സർക്കാരിന് |

| | | |
|---|---|---|
| | | സബോർഡിനേറ്റ് അതോറിറ്റിയുടെ ഉത്തരവ് റിവ്യൂ ചെയ്യാൻ മാത്രമേ അധികാരമുള്ളൂ. പുനരവലോകനം ചെയ്ത് ശിക്ഷ വർദ്ധിപ്പിച്ച ഉത്തരവ് വീണ്ടും പുനരവലോകനം നടത്തുന്നത് നിയമ പരമായി ശരിയല്ല എന്നതിനാൽ പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. എം. ഐ. ബേബിക്ക് നൽകിയ ശിക്ഷ (വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുക) ഇനിയും വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു.<br>(26-11-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 20 | ബന്ധുവിന്റെ ചികിത്സയ്ക്കായി വന്ന അറബി ഇതിനിടയിൽ കേരളത്തിലെ ഒരു യുവതിയെ നിക്കാഹ് കഴിക്കുവാൻ (അറബിക്കല്യാണത്തിന്) ശ്രമിച്ചു വെന്നാണ് കേസ്. യുവതിയുടെ പരാതിയെ തുടർന്ന് പോലീസ് അന്വേഷിച്ചപ്പോൾ അറബി സ്ഥലം വിട്ടു. <u>ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു</u><br>(ഖണ്ഡിക 98) | **ആഭ്യന്തര വകുപ്പ്**<br><u>[ആഭ്യന്തര (ജെ) വകുപ്പിന്റെ 20-9-2006-ലെ 50510/ജെ1/2006/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത് ]</u><br>ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(5-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 21 | കോട്ടയം മീനടം സ്വദേശിനിയായ ശ്രീമതി രാധാമണി ഭർതൃഗൃഹത്തിൽ അനുഭവിച്ചുവന്നിരുന്ന പീഡനത്തിനെതിരെ നൽകിയ പരാതി സമിതിയുടെ പരിഗണനയിലിരിക്കവേ 28-12-1997-ന് ടി രാധാമണി വീടിന് | **ആഭ്യന്തര വകുപ്പ്**<br><u>[ആഭ്യന്തര (ജെ) വകുപ്പിന്റെ 13-3-2014-ലെ 47258/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത് ]</u> |

| | | |
|---|---|---|
| | സമീപത്തുള്ള കുളത്തിൽ മരിച്ച നിലയിൽ കാണപ്പെട്ടിരുന്നു. ക്രൂരവും പൈശാചികവുമായ ഇത്തരം കൊലപാതകങ്ങൾ നടത്തുന്നവർ യാതൊരു വിധത്തിലും രക്ഷപ്പെടരുതെന്നും ഇവർക്ക് കനത്ത ശിക്ഷതന്നെ നൽകുകയും വേണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 118) | പൈശാചികമായ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ യാതൊരു വിധത്തിലും നിയമത്തിനുകീഴിൽ നിന്നും രക്ഷപ്പെടാതിരിക്കുന്നതിന് മതിയായ അന്വേഷണം നടത്തി ചാർജ്ജ്ഷീറ്റ് കോടതിയിൽ ഹാജരാക്കുന്നതിനും നിയമസഭാ സമിതി മുമ്പാകെ പരാതി സമർപ്പിക്കുന്നവരെ യാതൊരു തരത്തിലും വിഷമിപ്പിക്കുന്ന വിധത്തിൽ പെരുമാറരുതെന്നും മറ്റുമുള്ള കർശന നിർദ്ദേശങ്ങൾ എല്ലാ പോലീസ് സബ്ഡിവിഷൻ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. (27-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 22 | സമിതിക്ക് പരാതി നൽകുന്ന ഒരു പരാതിക്കാരിക്കും സമയത്ത് അന്വേഷണം നടക്കാതെ നീതി ലഭിക്കാതെ ശിക്ഷിക്കപ്പെടുകയോ കൊല്ലപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്ന അനുഭവങ്ങൾ ആവർത്തിക്കപ്പെടരുതെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 119) | |

## ഭാഗം II
## സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകൾ/അധികവിവരങ്ങൾ

| ക്രമനമ്പർ | ശിപാർശ/ആരാഞ്ഞ അധിക വിവരം | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|
| 1 | കുടുംബബന്ധങ്ങളിൽ അനുദിനം വിള്ളലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആർദ്രാ നികേതൻ പോലുള്ള സ്ഥാപനങ്ങൾക്ക് വളരെയേറെ കാര്യങ്ങൾ സമൂഹത്തിനായി നിർവ്വഹിക്കുവാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആർദ്രാ നികേതൻ പോലുള്ള ഫാമിലി കൗൺസിലിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 69)-ലെ ശിപാർശ | സാമൂഹ്യനീതി |
| 2 | ശിപാർശ 3 (ഖണ്ഡിക 29)ൻമേലുള്ള അധിക വിവരം | ആഭ്യന്തരം |
| 3 | ശിപാർശ 12 (ഖണ്ഡിക 62)ൻമേലുള്ള അധിക വിവരം | ,, |

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

<u>അനുബന്ധം</u>

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - അച്ചടക്ക നടപടി - കേരള നിയമസഭാ സമിതിയുടെ ശുപാർശ അംഗീകരിച്ച് ശ്രീ. എം. ഐ. ബേബി എസ്. ഐ ക്ക് ശിക്ഷ നൽകി ഉത്തരവാകുന്നു.

---

ആഭ്യന്തര (എച്ച്) വകുപ്പ്

സ.ഉ.(സാധാ) 1663/2010/ആഭ്യ. തിരുവനന്തപുരം, തീയതി: 12/5/2010

---

പരാമർശം:- 1). 17/8/2000 ലെ തൃശൂർ റെയിഞ്ച് ഡി ഐ ജി യുടെ എ2 - 20/ പി ആർ/97 - ഐ ആർ നമ്പർ ഉത്തരവ്

2) സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതി 1996 - 98 ന്റെ ആറാമത് റിപ്പോർട്ടിന്റെ 19 ഉം 20 ഉം പുറങ്ങൾ

## <u>ഉത്തരവ്</u>

ശ്രീ.എം.ഐ.ബേബി, പോലീസ് സബ് ഇൻസ്പെക്ടർ എന്ന കുറ്റാരോപിതൻ 17.6.94 തീയതി മുതൽ 25.5.1995 തീയതി വരെ വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറായി ജോലി നോക്കി വരവെ 15.11.94 തീയതി രാത്രി നാലഞ്ച് പോലീസുകാരുമൊത്ത് വെള്ളിക്കുളങ്ങര വില്ലേജ് മുറിക്കിങ്ങൽ ദേശത്ത് പുതുപ്പറമ്പിൽ ജയൻ ഭാര്യ പുഷ്പറാണിയേയും അമ്മ ഗൗരിയേയും, പുഷ്പറാണിയുടെ ഭർത്താവ് ജയന്റെ അനുജനും, പോലീസ് കോൺസ്റ്റബിളുമായ ഷാജിയേയും, ടിയാന്റെ ഭാര്യ സുജാതയേയും അസഭ്യങ്ങൾ വിളിക്കുകയും ഭീഷണിപ്പെടുത്തുകയും, ദേഹോപദ്രവം ഏൽപ്പിക്കുകയും, കുറ്റാരോപിതന്റെ കൈയ്യേറ്റത്താൽ പരിക്കുപറ്റിയ പുഷ്പറാണിയും മറ്റുള്ളവരും മുത്തൂർ സർക്കാർ ആശുപത്രിയിലേക്ക് ചികിൽസയ്ക്കായി ഓട്ടോറിക്ഷയിൽ പോകുന്ന സമയം ആശുപത്രിയുടെ പടിക്കൽ വെച്ച് പുഷ്പറാണിയേയും മറ്റും കുറ്റാരോപിതൻ ഭീഷണിപ്പെടുത്തി തിരിച്ചയക്കുകയും, ഷാജിയെ ബലമായിപിടിച്ച് ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിൽകൊണ്ട് പോയി ദേഹോപദ്രവം ഏൽപ്പിക്കുകയും, അപമര്യാദയായി പെരുമാറുകയും ഷാജിയുടെയും പുഷ്പറാണിയുടെയും മറ്റും പേരിൽ ഒരു കള്ളക്കേസ്സ് എടുത്ത് പീഡിപ്പിക്കുകയും ചെയ്തുകൊണ്ട് കുറ്റാരോപിതൻ ഗുരുതരമായ

അച്ചടക്കലംഘനം, ഔദ്യോഗിക സ്വഭാവദൂഷ്യം, നിരുത്തരവാദിത്വം, ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യൽ എന്നീ കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നുള്ള കുറ്റാരോപണത്തിൻമേൽ ടിയാനെതിരെ വിശദമായ വാച്യാന്വേഷണം നടത്തുകയും അന്വേഷണാനന്തരം പരാതിക്കാരിയായ മണി എന്ന പുഷ്പറാണിയുടെ വീട്ടിൽ ചെന്ന് പുഷ്പറാണിയോടും അവരുടെ കുടുംബാംഗങ്ങളോടും സഭ്യമല്ലാത്ത ഭാഷയിൽ സംസാരിച്ച് അപമര്യാദയായി പെരുമാറി അച്ചടക്ക ലംഘനം, ഔദ്യോഗിക സ്വഭാവ ദൂഷ്യം എന്നീ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. ഐ. ബേബി, പോലീസ് എസ്. ഐ. ക്ക് ലഘുശിക്ഷയായ സെൻഷ്വർ, പരാമർശം 1 പ്രകാരം നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

എന്നാൽ ബന്ധപ്പെട്ട പി ആർ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും എം.ഐ.ബേബി, 14.11.94 തീയതി രാത്രി 8 1/2 മണിയോട്കൂടി ഇരിങ്ങാലക്കുട എക്സൈസ് പ്രിവൻറീവ് ഓഫീസറും മറ്റ് എക്സൈസുകാരും അബ്കാരി കോൺട്രാക്റ്ററുടെ ജോലിക്കാരും ചേർന്ന് വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനതിർത്തിയിൽപെട്ട മുറിക്കിങ്ങൽ ജംഗ്ഷനിൽ വരുകയും ജംഗ്ഷനിൽ ഉണ്ടായിരുന്ന, മുൻപ് കള്ളച്ചാരായ വാറ്റ് നടത്തിയിരുന്നു എന്ന് പറയപ്പെടുന്ന അമ്പാട്ട് പറമ്പൻ വേലായുധൻ എന്നാളെ എക്സൈസുകാരോടൊപ്പം ജീപ്പിൽ വന്ന അബ്കാരി കോൺട്രാക്റ്ററുടെ ജോലിക്കാരിൽ ഒരാളായ പ്രകാശൻ അകാരണമായി കൈയ്യിൽ അടിച്ച് പരുക്കേൽപ്പിക്കുകയും അതിനെച്ചൊല്ലി എക്സൈസുകാരും വേലായുധനുമായി വാക്കേറ്റം ഉണ്ടാകുകയും തൽസമയം അവിടെ കൂടിയ നാട്ടുകാരും വേലായുധന് അനുകൂലമായി സംസാരിക്കുകയും, ജനങ്ങൾ കൂട്ടംകൂടാനും മറ്റും തുടങ്ങിയപ്പോൾ എക്സൈസുകാരും മറ്റും ജീപ്പിൽ കയറി സ്ഥലം വിടുകയും, പ്രിവൻറീവ് ഓഫീസറുടേയും മറ്റും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചു എന്ന് കാണിച്ച് പ്രിവൻറീവ് ഓഫീസർ 14.11.94 തീയതി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 15.11.94 തീയതി പകൽ 12 മണിക്ക് വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം 143/94 u/s 143, 147, 341, 506(1) 353 R/W Sec 143 IPC പ്രകാരം മേൽപ്പറഞ്ഞ വേലായുധനും, വെള്ളിക്കുളങ്ങര വില്ലേജ് മുറിക്കിങ്ങൽ ദേശത്ത് പുതുപ്പറമ്പിൽ ജയന്റെയും മറ്റ് കണ്ടാലറിയാവുന്ന 9 പേരെ പ്രതികളാക്കി ഒരു കേസ് എടുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 15.11.94 തീയതി രാത്രി 8.15 മണിക്ക് പ്രതി ജയനെ അന്വേഷിച്ച് ശ്രീ. എം. ഐ. ബേബിയും, പോലീസുകാരും ജീപ്പിൽ ജയന്റെ വീട്ടിൽ ചെല്ലുകയും ജയന്റെ ഭാര്യ പുഷ്പറാണിയോട് ജയൻ എവിടെയാണെന്നും മറ്റും ചോദിക്കുകയും, ജയൻ ജോലി കഴിഞ്ഞ് വന്നിട്ടില്ലെന്ന് പറഞ്ഞ പുഷ്പറാണിയുടെ മുടിക്കെട്ടിൽ പിടിച്ചുലക്കുകയും,

തള്ളി താഴെ ഇടുകയും പുഷ്പറാണിയുടെയും മറ്റും കരച്ചിലും ബഹളവും കേട്ട് തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന പുഷ്പറാണിയുടെ ഭർത്താവ് ജയന്റെ അനുജനും, പോലീസ് കോൺസ്റ്റബിളുമായ ഷാജിയും ടിയാന്റെ ഭാര്യ സുജാതയും ഓടിവന്നവരും സംഭവത്തെപ്പറ്റി അന്വേഷിച്ച ഷാജിയോടും, ടിയാന്റെ ഭാര്യ സുജാതയോടും അമ്മ ഗൗരിയോടും മറ്റും അപമര്യാദയായി പെരുമാറുകയും അവരെ കൈയ്യേറ്റം ചെയ്യുകയും കുറ്റാരോപിതന്റെ കൈയ്യേറ്റത്താൽ പരുക്ക്പറ്റിയ ശ്രീമതി പുഷ്പറാണിയും, ഷാജിയും ആശുപത്രികളിൽ ചികിൽസ നടത്തിയതായും തെളിഞ്ഞിട്ടുണ്ട്.

കുറ്റാരോപിതനായ പോലീസ് സബ് ഇൻസ്പെക്ടർ ഒരു കേസിന്റെ അന്വേഷണത്തിനായി ശ്രീമതി പുഷ്പറാണിയുടെ വീട്ടിൽ എത്തുകയും ഈ കേസുമായി യാതൊരു ബന്ധവുമില്ലാതിരുന്ന ടിയാളോടും മറ്റ് ബന്ധുക്കളോടും തികച്ചും അപമര്യാദയായും ഒരു പോലീസ് ഉദ്യോഗസ്ഥന് ഒട്ടും നിരക്കാത്ത വിധത്തിലുമാണ് പെരുമാറിയിട്ടുള്ളതെന്ന് ശ്രീമതി.പുഷ്പറാണി നൽകിയ പരാതി പരിശോധിക്കുമ്പോഴും വാച്യാന്വേഷണത്തിലെ സാക്ഷികളുടെ മൊഴികളിൽ നിന്നും വ്യക്തമായി. ഒരു പോലീസ് സേനാംഗം കൂടിയായിരുന്ന ശ്രീ.ഷാജിയെ കുറ്റാരോപിതൻ പോലീസ് സ്റ്റേഷനിൽ വെച്ച് കൈയ്യേറ്റം ചെയ്തുവെന്ന ആരോപണവും പ്രസ്തുത കേസിൽ പ്രതിയല്ലാതിരുന്ന ശ്രീ.ഷാജിയെ ആശുപത്രിയിൽ പോകുന്ന മദ്ധ്യേ അറസ്റ്റ് ചെയ്തിരുന്നത് തികച്ചും ഒഴിവാക്കാവുന്ന പ്രവർത്തിയാണെന്നും കാണാവുന്നതാണ്. ഒരു പോലീസ് സേനാംഗംകൂടിയായ ശ്രീ.ഷാജിയെ അറസ്റ്റുചെയ്ത് പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദനമേൽക്കേണ്ടി വന്നിട്ടുള്ള ആരോപണവും ഇക്കാര്യത്തിൻമേൽ ടിയാന് കേൾവിക്ക് തകരാറായതിന്റെ പേരിൽ ചികിൽസ തേടേണ്ടി വന്നിട്ടുള്ളതും കുറ്റാരോപിതന്റെ ഭാഗത്തുനിന്നുണ്ടായ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണെന്ന് വ്യക്തമാകുന്നു.

ഇക്കാര്യത്തിൽ വിശദമായ വാച്യാന്വേഷണത്തിനു ശേഷം തെളിഞ്ഞ കുറ്റത്തിന് ശ്രീ.എം.ഐ.ബേബിക്ക് നൽകിയിരിക്കുന്ന ലഘുശിക്ഷയായ 'സെൻഷർ' പുനഃപരിശോധിച്ചുകൊണ്ട് മാതൃകാപരമായ ശിക്ഷ നൽകണമെന്ന സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി പരാമർശം 2 പ്രകാരം നൽകിയ ശുപാർശയിൻമേൽ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പി. ആർ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും സാക്ഷിമൊഴികളും രേഖകളും മുഖവിലക്കെടുക്കാതെ - വെറും സംശയത്തിന്റെ ആനുകൂല്യത്തിലാണ്. കുറ്റാരോപിതന് ലഘുശിക്ഷ നൽകിയിട്ടുള്ളതെന്ന് കാണാവുന്നതാണ്, കൂടാതെ കുററാരോപിതനായ ശ്രീ.എം.ഐ.ബേബിയുടെ സേവനചരിത്രം ഒട്ടുംതന്നെ തൃപ്തികരവുമല്ല. ഏകദേശം 17 ൽപരം ശിക്ഷാ നടപടികളാണ് കുറ്റാരോപിതന് നൽകിയിട്ടുള്ളത്.

ആയതിനാൽ തെളിവുകളുടെയും സാക്ഷിമൊഴികളുടേയും അടിസ്ഥാനത്തിൽ ശ്രീ.എം.ഐ.ബേബി, പോലീസ് സബ് ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ലംഘനവും തെളിയുന്നു. ഇങ്ങനെ അന്വേഷണത്തിൽ തെളിഞ്ഞ കുറ്റത്തിന് കുറ്റാരോപിതന് വകുപ്പുതലത്തിൽ നൽകിയിരിക്കുന്ന ശിക്ഷയായ 'സെൻഷ്വർ', ചെയ്തിരിക്കുന്ന കുറ്റവുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. അതിനാൽ കൂടുതൽ കഠിനമായ ശിക്ഷ നൽകുന്നതിന് മുൻപ് ശ്രീ. എം. ഐ. ബേബിയെ സർക്കാർ പ്രതിനിധി 29/1/2010 ൽ നേരിൽ കേൾക്കുകയുണ്ടായി.

എന്നാൽ വസ്തുതകളുടെ വെളിച്ചത്തിൽ ഇപ്പോൾ നൽകിയിരിക്കുന്ന സെൻഷ്വർ എന്ന ശിക്ഷ തുലോം കുറവാണെന്ന് വ്യക്തമാണ്.
അതിനാൽ നിയമസഭാ സമിതിയുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് ശ്രീ. എം. ഐ. ബേബി, പോലീസ് എസ്. ഐ. ക്ക് വകുപ്പുതലത്തിൽ നൽകിയ ശിക്ഷയായ 'സെൻഷ്വർ' റദ്ദാക്കി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുക' എന്ന് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജോസഫ് രാജൻ. എഫ്.
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം.ഐ. ബേബി, എസ്. ഐ. (ഡി ജി പി മുഖേന)
പോലീസ് ഡയറക്ടർ ജനറൽ, തിരുവനന്തപുരം (ബന്ധപ്പെട്ട പി.ആർ. ഫയലുകൾ സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ

True Copy
[signature]
SO

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.